**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5221 — 24.10.2011 -ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ യാത്രാക്ലേശം

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഏതെല്ലാം ജില്ലകളിലാണ് കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | കേരളത്തിൽ എല്ലാ ജില്ലകളിലും കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | പ്രത്യേകമായി പഠനം നടത്തിയിട്ടില്ല വിദ്യാർത്ഥികളുടെ കൺസെഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്രാ സൗജന്യം പരമാവധി 40 കി.മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ 40 കി.മീറ്ററിനകത്ത് വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം ഇല്ലായെങ്കിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ പ്രധാന അധ്യാപകനിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ദൂരപരിധി നിശ്ചയിക്കാതെ 40 കി.മീറ്ററിന് പുറത്തേയ്ക്കും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനും ഈ സർക്കാർ അധികാരമേറ്റശേഷം തീരുമാനം എടുത്തിട്ടുണ്ട്. |
| (സി) രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ കെ.എസ്.ആർ.ടി.സി. ബസുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ ചാർജ് ഇളവ് അനുവദിക്കാൻ തയ്യാറാകുമോ ? | (സി) | ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസുകളിലും നിലവിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചു വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ മറ്റ് വിഭാഗം സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ